File No.LSGD-FM2/266/2018-LSGD

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – കാലവർഷക്കെടുതി – ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി അടിയന്തിര പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

G.O.(Rt)No.2262/2018/LSGD തീയതി,തിരുവനന്തപുരം, 16/08/2018

---

പരാമർശം:- 10.08.2018-ലെ സ.ഉ.(സാധാ) നം. 2221/2018/ത.സ്വ.ഭ.വ.

<u>ഉത്തരവ്</u>

കാലവർഷക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകിയിരുന്നു. സംസ്ഥാനത്തെ സ്ഥിതിവിശേഷം വളരെ ഗുരുതരമായി തുടരുന്നതുകൊണ്ട് തദ്ദേശ ഭരണസ്ഥാപന ങ്ങൾക്ക് അടിയന്തിരമായി ചില പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട സാഹചര്യമുണ്ട്. ആയതിനാൽ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് പ്രവൃത്തികൾ ഏറ്റെടുക്ക ന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രവൃത്തികൾ അടിയന്തിര സ്വഭാവ ത്തോടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

- ആശുപത്രികൾ കൈമാറി ലഭിച്ചിട്ടുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് PHC/CHC താലൂക്ക്/ജനറൽ/ജില്ലാ ആശുപത്രികളിലേക്ക് അടിയന്തിരമായി ആവശ്യമായ മരുന്ന് വാങ്ങൽ. ഇത് KMSC, കാരുണ്യ, നീതി മെഡിക്കൽ സ്റ്റോർ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുകുടിവെള്ള സ്രോതസ്സുകൾ ഉപയോഗശൂന്യമായെങ്കിൽ അവ പ്രവർത്തനയോഗ്യമാക്കുന്നതിനു വേണ്ടി ശുദ്ധീകരിക്കാൻ ഒറ്റത്തവണത്തേക്ക് തുക ചെലവഴിക്കാവുന്നതാണ്.

- ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്ന് തദ്ദേശവാസികളെ രക്ഷപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യാൻ തുക ചെലവഴിക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ജനറേറ്ററുകൾ വാടകയ്ക്ക് എടുക്കൽ, മറ്റു രക്ഷാ ഉപകരണങ്ങൾ വാടകക്കെടുക്കുകയോ ഒഴിച്ചുകൂടാൻ പറ്റാത്ത അവസരങ്ങളിൽ വാങ്ങുകയോ ചെയ്യുക, ആവശ്യമായ തൊഴിലാളികൾക്ക് പ്രതിഫലം നൽകുക എന്നിവയ്ക്കും തുക ചെലവഴിക്കാവുന്നതാണ്.

- സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ വകുപ്പുകൾ/ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതില്ല. എന്നാൽ ഇങ്ങനെ ആരെയും ചുമതലപ്പെടുത്താത്ത മേഖലകളിൽ ആവശ്യമായ ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്. അതിനായി തുക ചെലവഴിക്കാവുന്നതാണ്.

- തടസ്സപ്പെട്ട റോഡുകൾ രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി സഞ്ചാര യോഗ്യമാക്കുന്നതിന് തുക ചെലവഴിക്കാവുന്നതാണ്. നടപ്പാക്കുന്ന ഇത്തരം പ്രവർത്തന ങ്ങൾ ബന്ധപ്പെട്ട AE/AEE മേൽനോട്ടം വഹിക്കേണ്ടതാണ്.

3 . അടിയന്തിര സ്വഭാവത്തോടെ ഇത്തരം പ്രവൃത്തികൾ നടപ്പാക്കേണ്ട സാഹചര്യം ഉള്ളതു കൊണ്ട് ഭരണസമിതി പെട്ടെന്ന് വിളിച്ചുചേർക്കുന്നതിന് കഴിയുന്നില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ, സെക്രട്ടറി എന്നിവർ യോഗം ചേർന്ന് പ്രവൃത്തികൾ സംബന്ധിച്ച് തീരുമാന മെടുക്കാവുന്നതാണ്. എന്നാൽ ഇതിനുശേഷം ആദ്യം ചേരുന്ന ഭരണസമിതി യോഗ ത്തിൽ തന്നെ ഈ തീരുമാനങ്ങൾ അവതരിപ്പിക്കേണ്ടതാണ്.

4 . മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണ്. എന്നാൽ തനത് ഫണ്ട് ആവശ്യത്തിന് ലഭ്യമല്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്. മരുന്നുവാങ്ങൽ, അറ്റകുറ്റപ്പണി മുതലായ പ്രവൃത്തി കൾക്ക് മെയിന്റനൻസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്. വികസന/ മെയിന്റനൻസ് ഫണ്ടുകൾ ഉപയോഗിക്കുകയാണെങ്കിൽ വാർഷിക പദ്ധതി ഇപ്പോൾ തന്നെ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതില്ല. സുലേഖ സോഫ്റ്റ് വെയറിലെ "അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ" (GO പ്രകാരമുള്ള പ്രോജക്റ്റുകൾ) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രോജക്റ്റുകൾ തയ്യാറാക്കാവുന്നതാണ്. തനത ഫണ്ട് ലഭ്യമല്ലെങ്കിൽ അത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. പ്രോജക്റ്റുകൾക്ക് വെറ്റിംഗ് ആവശ്യമില്ല. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യ പത്രം മാത്രം മതിയാകും. ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതിയും ആവശ്യമില്ല. എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട പ്രവൃത്തികൾക്ക് അവ തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സോഫ്റ്റ് വെയറിലൂടെയല്ലാതെ സാങ്കേതികാനുമതി വാങ്ങി നിർവഹണനടപടികൾ ആരംഭിക്കാവുന്നതാണ്. പ്രോജക്റ്റുകളുടെ ചെലവുകൾ വഹിക്കുന്നതിനുവേണ്ട ബില്ലുകൾ തയ്യാറാക്കുന്നതിനും ഇപ്പോൾ ലഭ്യമായ ഫണ്ടുപയോഗിച്ച് അത് ട്രഷറിയിൽ നിന്നും മാറുന്നതിനുമുള്ള ക്രമീകരണങ്ങൾ സുലേഖ, സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തുന്നതാണ്.

6 . വാർഷികപദ്ധതിയിൽ ഭേദഗതി അനുവദിക്കുന്ന സമയത്ത് മേഖലാ നിബന്ധനകൾ ക്കനുസൃതമായി പ്രോജക്റ്റുകൾക്ക് വേണ്ട വിഹിതം കണ്ടെത്തേണ്ടതും വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

T K JOSE

ADDITIONAL CHIEF SECRETARY

എല്ലാ ജില്ലാ കളക്ടർമാർക്കും

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.

ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ് (അറിവിലേക്കും തുടർ നടപടിക്കുമായി)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ